പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 926 **14-10-2026-ൽ മറുപടിയ്ക്ക്**

ഭൂഗർഭജലനിരപ്പ് സംരക്ഷിക്കാൻ നടപടി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. വി. ടി. ബൽറാം

ശ്രീമതി വിദ്യാ ബാലകൃഷ്ണൻ

ശ്രീ. മുഹമ്മദ് ഷിയാസ്

ശ്രീ. ദീപക് ജോയ്

മറുപടി നൽകിയ മന്ത്രി

ശ്രീ. മോൻസ് ജോസഫ്

(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ ഭൂഗർഭജലനിരപ്പ് സംരക്ഷിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

മറുപടി: ഭൂഗർഭജലനിരപ്പ് സംരക്ഷിക്കുന്നതിനായി വകുപ്പിന്റെ പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഭൂജല സംപോഷണ പദ്ധതികൾ സംസ്ഥാനത്തൊട്ടാകെ നടപ്പിലാക്കി വരുന്നു. നടപ്പു സാമ്പത്തിക വർഷം 6 കോടി രൂപ ഭൂജല സംപോഷണ പ്രവർത്തനങ്ങൾക്ക് വകയിരുത്തിയിട്ടുണ്ട്. അശാസ്ത്രീയമായ ഭൂജല ഉപയോഗം നിയന്ത്രിക്കുന്നതിനും ഭൂജലസ്രോതസ്സുകളുടെ സുസ്ഥിരത ഉറപ്പാക്കുന്നതിനും വ്യാവസായിക അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കായുള്ള ഭൂജല ഉപയോഗത്തിന് സംസ്ഥാന ഭൂജല അതോറിറ്റിയുടെ നിരാക്ഷേപപത്രം നിഷ്കർഷിച്ചു വരുന്നു. നിരാക്ഷേപപത്ര വ്യവസ്ഥകളുടെ (NOC) ഭാഗമായി മഴവെള്ളം ഭൂമിയിലേക്ക് ഇറക്കിവിടുന്നതിനുള്ള ശാസ്ത്രീയമായ ഭൂജല സംപോഷണ മാർഗ്ഗങ്ങൾ (Rainwater Harvesting/Recharging) ഏർപ്പെടുത്തണമെന്ന നിബന്ധന ഭൂജല സുസ്ഥിരത ഉറപ്പു വരുത്തുന്നതിനായി പ്രസ്തുത സ്ഥാപനങ്ങൾക്കു നിഷ്കർഷിച്ചിട്ടുണ്ട്. ആയതു വകുപ്പിന്റെ സാങ്കേതിക സഹായത്തോടെ നടപ്പിലാക്കി വരുന്നു.

കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ ഏജൻസി (കെ.ആർ.ഡബ്ല്യു.എസ്.എ.) സംസ്ഥാനത്തിന്റെ പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ചിട്ടുള്ള രണ്ട് പരിപാടികൾ ഈ മേഖലയിൽ നടപ്പിലാക്കി വരുന്നുണ്ട്.

1. "മഴവെള്ള സംഭരണവും ഭൂജല പരിപോഷണവും" [(2215-01-860-64 (PV)]

2. "ഗാർഹിക കിണറുകളെ സുരക്ഷിതവും സുസ്ഥിരവുമായ കുടിവെള്ള സ്രോതസ്സുകളാക്കി മാറ്റുക" [(4215-01-800-85(P)].

1. 'മഴവെള്ള സംഭരണം ഭൂജല പരിപോഷണം' പരിപാടി നടപ്പിലാക്കുന്നതിന്റെ ഭാഗമായി, കുടിവെള്ള ക്ഷാമം നേരിടുന്ന ഗ്രാമപഞ്ചായത്തുകളെ മലയോരം, തീരദേശം, പിന്നാക്കം എന്നീ വിഭാഗങ്ങളിൽ നിന്നും മുൻഗണന ക്രമത്തിൽ തെരഞ്ഞെടുത്ത് നിശ്ചയിക്കുന്നു. പ്രസ്തുത ഗ്രാമ പഞ്ചായത്തുകളിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന അർഹരായ കുടുംബങ്ങൾക്ക് 10000 ലിറ്റർ മഴവെള്ളം സംഭരിച്ചു

ഉപയോഗിക്കുന്നതിന് സഹായകരമായ വിധത്തിലുള്ള മഴവെള്ള സംഭരണികൾ ഫെറോസിമന്റ് സാങ്കേതിക വിദ്യ ഉപയോഗിച്ച് നിർമ്മിച്ച് നൽകി വരുന്നു. ഗുണഭോക്താവിന്റെ വീടിന്റെ മേൽക്കൂരയിൽ പെയ്ത് ഇറങ്ങുന്ന മഴവെള്ളം പാത്തി, പൈപ്പ് ഉപയോഗിച്ച് ഇറക്കി അരിപ്പയിലൂടെ കടത്തിവിട്ട് ശുദ്ധീകരിച്ച് മഴവെള്ള സംഭരണികളിൽ ശേഖരിച്ച് ഗാർഹിക ഗാർഹികേതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നു. നാളിതുവരെ 12685 കുടുംബങ്ങൾക്ക്/സ്ഥാപനങ്ങൾക്ക് പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കിയിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം 800 കുടുംബങ്ങൾക്ക് പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കുന്നതിനു ലക്ഷ്യമിടുന്നു.

ഇപ്രകാരം നിർമ്മിച്ച് നൽകുന്ന മഴവെള്ള സംഭരണികളിൽ നിന്നും നിറഞ്ഞ് കവിഞ്ഞ് ഒഴുകിപ്പോകുന്ന ജലം തൊട്ടടുത്തുള്ള കിണറുകളിലേക്കോ, മഴക്കുഴിയിലേക്കോ കടത്തിവിട്ട് റീചാർജ് ചെയ്യുന്നതിന് ഉപയുക്തമാകുന്നു. ഇപ്രകാരം ചെയ്യുന്നതിലൂടെ പ്രസ്തുത പ്രദേശത്തെ ഭൂഗർഭ ജലനിരപ്പ് ക്രമേണ ഉയരുന്നതിന് സഹായകരമാകുന്നു.

2. a) "ഗാർഹിക കിണറുകളെ സുരക്ഷിതവും സുസ്ഥിരവുമായ കുടിവെള്ള സ്രോതസ്സുകളാക്കി മാറ്റുക" എന്ന പരിപാടി നടപ്പിലാക്കുന്നതിന്റെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട ഗ്രാമപഞ്ചായത്തുകളിലെ ബി.പി.എൽ, SC/ST, മത്സ്യത്തൊഴിലാളി വിഭാഗത്തിൽ ഉൾപ്പെടുന്ന ഗുണഭോക്താക്കളുടെ കിണറുകൾ അറ്റകുറ്റ പണികൾ നടത്തി സുരക്ഷിതമാക്കുകയും മേൽക്കൂരയിൽ പെയ്യുന്ന മഴവെള്ളം ശേഖരിച്ച് കിണറുകളിലേക്ക് കടത്തിവിട്ട് റീചാർജ് ചെയ്യുകയും ചെയ്തു വരുന്നു. ഇപ്രകാരം ചെയ്യുന്നതിലൂടെ പ്രസ്തുത പ്രദേശത്തെ ഭൂഗർഭ ജലനിരപ്പ് ക്രമേണ ഉയരുന്നതിന് സഹായകരമാകുന്നു.

ഇതിനോടകം 573 കുടുംബങ്ങളുടെ കിണറുകൾക്ക് പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കിയിട്ടുണ്ട്. 2026-27 സാമ്പത്തിക വർഷത്തെ പ്ലാൻ പദ്ധതിയിൽ 82 കുടുംബങ്ങൾക്ക് പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കുവാൻ ലക്ഷ്യമിടുന്നു.

b) കൂടാതെ ഈ പദ്ധതിയിൽ തന്നെ ഉൾപ്പെടുത്തി മേൽക്കൂരയിൽ പെയ്യുന്ന മഴവെള്ളം ശേഖരിച്ച് ബി.പി.എൽ, SC/ST, മത്സ്യത്തൊഴിലാളി വിഭാഗത്തിലുള്ള കുടുംബങ്ങളുടെ കിണറുകൾക്ക് റീചാർജ് സംവിധാനം ഏർപ്പെടുത്തുന്ന പദ്ധതിയും നടപ്പിലാക്കി വരുന്നുണ്ട്. നാളിതുവരെ 2936 കുടുംബങ്ങളുടെ കിണറുകൾക്ക് റീചാർജ് സംവിധാനം സ്ഥാപിച്ചിട്ടുണ്ട്.

(ബി) അമിതമായ ഭൂഗർഭജല ചൂഷണം നിയന്ത്രിക്കാൻ നിലവിലുള്ള നിയമങ്ങൾ കർശനമായി നടപ്പാക്കുമോ; വിശദമാക്കുമോ;

<u>മറുപടി:</u> അമിതമായ ഭൂഗർഭജല ചൂഷണം നിയന്ത്രിക്കുന്നതിനായി നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും കർശനമായി നടപ്പിലാക്കിവരുന്നു. കേരള ഭൂജല നിയന്ത്രണവും ക്രമീകരണവും ആക്ട്, 2002 പ്രകാരം ഭൂഗർഭജല ചൂഷണം നിയന്ത്രിക്കുകയോ ക്രമീകരിക്കുകയോ ചെയ്യേണ്ട പ്രദേശങ്ങളെ **'വിജ്ഞാപനം ചെയ്യപ്പെട്ട പ്രദേശം' (Notified Area)** ആയി പ്രഖ്യാപിക്കുന്നതിനുള്ള വ്യവസ്ഥ നിലവിലുണ്ട്. ഇത്തരം പ്രദേശങ്ങളിൽ ഗാർഹിക ആവശ്യത്തിനുള്ള ആഴം കുറഞ്ഞ കിണറുകൾ ഒഴികെയുള്ള ഭൂജല സ്രോതസ്സുകളുടെ നിർമ്മാണത്തിനും ഉപയോഗത്തിനും സംസ്ഥാന ഭൂജല അതോറിറ്റിയുടെ അനുമതി /പെർമിറ്റ് നിർബന്ധമാണ്.

കേരള പഞ്ചായത്ത് /മുനിസിപ്പൽ ബിൽഡിംഗ് റൂൾസ് പ്രകാരം ഏതൊരു കിണർ നിർമ്മാണത്തിനും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിയുടെ മുൻകൂർ പെർമിറ്റ് നിർബന്ധമാണ്. കുഴൽക്കിണറുകളുടെ (Borewell) നിർമ്മാണത്തിന് പെർമിറ്റ് അനുവദിക്കുന്നത് ഭൂജല വകുപ്പിൽ നിന്നുള്ള ക്ലിയറൻസ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലായിരിക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. വ്യാവസായിക/അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കായി

ഭൂജലസ്രോതസ്സുകളുടെ നിർമ്മാണത്തിന് ഭൂജല വകുപ്പിന്റെ ഫീസിബിലിറ്റി സർട്ടിഫിക്കറ്റും, ഭൂജലം ഉപയോഗിക്കുന്നതിന് സംസ്ഥാന ഭൂജല അതോറിറ്റിയുടെ മുൻകൂർ നിരാക്ഷേപപത്രം (NOC)യും നിർബന്ധമാണ്. NOC ലഭിച്ച സ്ഥാപനങ്ങളിൽ ഭൂജല ഉപയോഗം നിരീക്ഷിക്കുന്നതിനായി telemetry അധിഷ്ഠിത ഡിജിറ്റൽ Flow Meter സ്ഥാപിക്കുന്നത് നിർബന്ധമാക്കിയിട്ടുണ്ട്. കൂടാതെ, ഭൂജലത്തിന്റെ സുസ്ഥിര ലഭ്യത ഉറപ്പാക്കുന്നതിനായി NOC-വ്യവസ്ഥയുടെ ഭാഗമായി കൃത്രിമ ഭൂജല റീചാർജിംഗ് സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതും നിർബന്ധമാക്കിയിട്ടുണ്ട്. കൂടാതെ അശാസ്ത്രീയമായ കുഴൽ കിണർ നിർമ്മാണം തടയുന്നതിന്റെ ഭാഗമായി പ്രൈവറ്റ് റിഗ്ഗ് / ഏജൻസികൾക്കു സംസ്ഥാന ഭൂജല അതോറിറ്റിയുടെ രജിസ്ട്രേഷൻ നിർബന്ധമാക്കിയിട്ടുണ്ട്.

(സി) മഴവെള്ള സംഭരണം നിർബന്ധമാക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും പുതിയ പദ്ധതികൾ ആവിഷ്കരിക്കുമോയെന്ന് വ്യക്തമാക്കുമോ?

മറുപടി: മഴവെള്ളം സംഭരിച്ച് തുറന്ന കിണറുകൾ റീചാർജ് ചെയ്യുന്ന പദ്ധതി നടപ്പിലാക്കുന്നതിന് ജലവിഭവ വകുപ്പ് 2025-26 സാമ്പത്തിക വർഷം ഒരു പ്രത്യേക പദ്ധതിക്ക് രൂപം നൽകി. ഭൂജല വകുപ്പും, കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ ഏജൻസിയും പ്രത്യേകം പ്രത്യേകം ഈ പദ്ധതി നടപ്പിലാക്കുന്നതിന് ചുമതലപ്പെടുത്തികൊണ്ട് സ.ഉ.(സാധാ)നം. 93/2026/WRD തീയതി 26.01.2026 പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു.

പ്രസ്തുത ഉത്തരവ് പ്രകാരം സംസ്ഥാനത്തെ നാല് ക്രിട്ടിക്കൽ / സെമി ക്രിട്ടിക്കൽ ബ്ലോക്കുകളായ പാലക്കാട് ജില്ലയിലെ മലമ്പുഴ, ചിറ്റൂർ, കാസർകോട് ജില്ലയിലെ കാസർഗോഡ്, ഇടുക്കി ജില്ലയിലെ കട്ടപ്പന എന്നിവിടങ്ങളിലുള്ള ഗ്രാമപഞ്ചായത്തുകളിലെ എല്ലാ തുറന്ന കിണറുകളും ഘട്ടം ഘട്ടമായി മഴവെള്ളം ശേഖരിച്ച് റീചാർജ് ചെയ്യുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

2025-26, 2026-27 എന്നീ സാമ്പത്തിക വർഷങ്ങളിലെ പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി 1335 കിണറുകൾ റീചാർജ് ചെയ്യുന്നതിനുള്ള അപേക്ഷ ക്ഷണിക്കൽ, ടെണ്ടർ നടപടികൾ ഉൾപ്പെടെ നടപടികൾ ജലനിധി മുഖേന സ്വീകരിച്ചു വരുന്നു. ഇപ്രകാരം ചെയ്യുന്നതിലൂടെ ഈ പ്രദേശത്തുള്ള കിണറുകളിലെ ഭൂജലവിതാനത്തിന്റെ അളവ് ക്രമേണ വർദ്ധിക്കുകയും കുടിവെള്ള ക്ഷാമത്തിന് ശാശ്വതമായ പരിഹാരം ലഭിക്കുകയും ചെയ്യും.

ഭൂജല സംരക്ഷണവും സംപോഷണവും പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി മേൽക്കൂര വഴിയുള്ള മഴവെള്ള കൊയ്ത്തിലൂടെ ശാസ്ത്രീയമായി റീചാർജ് പിറ്റ്, തുറന്ന കിണർ, കുഴൽക്കിണർ എന്നിവ മുഖേനയുള്ള ഭൂജല സംപോഷണ പദ്ധതികളും, ചെറിയ തടയണയുടെ നിർമ്മാണവും, കുളം നവീകരണവും ഭൂജല വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ